ADFW/FIB/TVM/207/2023-J

ഫാം ഇൻഫർമേഷൻ ബ്യൂറോ,
കവടിയാർ പി. ഒ.,
തിരുവനന്തപുരം - 3,
തീയതി : 03/07/2023.

സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 2022 വർഷത്തിൽ കാർഷിക മേഖലയിലെ വിവിധ രംഗങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചവർക്ക് അവാർഡുകളും സമ്മാനങ്ങളും നൽകാൻ 01.07.2023-ലെ ADFW/6636/2023-TV1 നം. കത്ത് പ്രകാരം അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. ആയതു പ്രകാരം കർഷക ഭാരതി അവർഡുകൾക്കായി നോമിനേഷനുകൾ ചുവടെ ചേർക്കും പ്രകാരം ക്ഷണിയ്ക്കുന്നു.

## കർഷക ഭാരതി അവാർഡ്.

ഏറ്റവും മികച്ച ഫാം ജേർണലിസ്റ്റിനാണ് അവർഡ് നൽകുന്നത്. മലയാള ഭാഷയിലൂടെ കാർഷിക മേഖലക്ക് വിലപ്പെട്ട സംഭാവനകൾ നൽകുന്ന വ്യക്തിക്കാണ് അവാർഡ് നൽകുന്നത്. വ്യക്തികളുടെ നാമനിർദ്ദേശം മാത്രമേ പരിഗണിക്കുകയുള്ളു. ഗവേഷണ പ്രസിദ്ധീകരണങ്ങൾ പരിഗണിക്കുകയില്ല. കർഷകഭാരതി അവാർഡ് മുന്നു വിഭാഗങ്ങളായാണ് നൽകുന്നത്.

| ക്രമ നം. | മാധ്യമം | സമ്മാനത്തിന്റെ വിശദാംശം |
|---|---|---|
| 1 | അച്ചടി മാധ്യമം | ഒരു ലക്ഷം രുപയുടെ ക്യാഷ് അവാർഡ്, ഫലകം, സർട്ടിഫിക്കറ്റ് |
| 2 | ദൃശ്യ മാധ്യമം | ഒരു ലക്ഷം രുപയുടെ ക്യാഷ് അവാർഡ്, ഫലകം, സർട്ടിഫിക്കറ്റ് |
| 3 | നവ മാധ്യമം | 50,000/- രുപയുടെ ക്യാഷ് അവാർഡ്, ഫലകം, സർട്ടിഫിക്കറ്റ് |

**അവാർഡിനുള്ള മാനദണ്ഡങ്ങൾ:**

1. **അച്ചടി മാധ്യമം**

കാർഷിക പത്ര പ്രവർത്തന മേഖലയിലെ നോമിനേഷൻ തീയതി മുതൽ പുറകോട്ട് ഒരു വർഷത്തെ സംഭാവനകളാണ് പ്രധാനമായും പരിഗണിക്കുന്നത്. കൂടാതെ അപേക്ഷകന്റെ മുൻകാല സംഭാവനകളും അവാർഡിനായി പരിഗണിക്കുന്നതാണ്. ആയത് സംബന്ധിച്ച ഒരു സാക്ഷിപത്രം (രണ്ട് പേജിലെങ്കിലും കുറയാത്തത്) സ്വയം സാക്ഷ്യപ്പെടുത്തി നോമിനേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

2. **ദൃശ്യ മാധ്യമം**

കാർഷിക മേഖലയുമായി ബന്ധപ്പെട്ട ദൃശ്യ മാധ്യമം വഴി നൽകിയ സംഭാവനകളാണ് അവാർഡിനായി പരിഗണിക്കുന്നത്. നോമിനേഷൻ തീയതിമുതൽ പുറകോട്ട് ഒരു

വർഷത്തെ സംഭാവനകളാണ് പ്രധാനമായും പരിഗണിക്കുന്നത്. കൂടാതെ അപേക്ഷ കന്റെ മുൻകാല സംഭാവനകളും അവാർഡിനായി പരിഗണിക്കുന്നതാണ്. അപേ ക്ഷകന്റെ ദൃശ്യ പരിപാടിയിലെ പ്രാധിനിത്യം ക്രഡിറ്റ്സിൽ ഉണ്ടായിരിക്കേണ്ടതാണ്. ആയതിനോടൊപ്പം ബന്ധപ്പെട്ട സ്ഥാപനം/ചാനലിന്റെ ടെലികാസ്റ്റ് സർട്ടിഫിക്കറ്റ്/ സാക്ഷ്യ പത്രം നിർബന്ധമായി ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ ഈ മേഖലയിലെ ആകെ സംഭാവലനകളെ സംബന്ധിച്ചു ഒരു വിവരണം (രണ്ട് പേജിൽ കുറയാത്തത്) അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

3. <u>നവമാധ്യമം</u>

കാർഷിക മേഖലയുമായി ബന്ധപ്പെട്ട് നവമാധ്യമം വഴി നൽകിയ സംഭാവനകളാണ്. അവാർഡിനായി പരിഗണിക്കുന്നത്. നോമിനേഷൻ തീയതി മുതൽ പുറകോട്ട് ഒരു വർഷത്തെ സംഭാവനകളാണ് പ്രധാനമായും പരിഗണിക്കുന്നത്. കൂടാതെ അപേക്ഷ കന്റെ മുൻകാല സംഭാവനകളും അവാർഡിനായി പരിഗണിക്കുന്നതാണ്. വെബ് പേജുകളിൽ പ്രസിദ്ധീകരിച്ച അപേക്ഷകന്റെ പേര് രേഖപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളും രചനകളുമാണ് അവാർഡിനായി സമർപ്പിക്കേണ്ടത്. ഇവയുടെ പ്രിന്റ് പകർപ്പ് നൽകണം. ബ്ലോഗുപോലുള്ള സ്വയം കേന്ദ്രീകൃതമായ സാമൂഹ്യമാധായമങ്ങളിൽ പ്രസിദ്ധീകരിച്ച സൃഷ്ടികളും കുറിപ്പുകളും പരിഗണിക്കപ്പെടുന്നതല്ല.

അപേക്ഷയും വിശദാംശങ്ങളും <u>**www.keralaagriculture.gov.in,**</u> <u>**www.fibkerala.gov.in**</u>" എന്ന വെബ്സൈറ്റുകളിൽ ലഭ്യമാണ്. **അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 11.07.2023.** അപേക്ഷകർ **"പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം-3"** എന്ന വിലാസത്തിൽ അയക്കണം. നോമിനേഷനുകളുടെ പുറത്ത് **"കർഷക ഭാരതി അവാർഡ്-2022 ഏതു വിഭാഗം"** എന്നത് പ്രത്യേകം രേഖപ്പെടുത്തണം.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

പകർപ്പ്.

*4. ഫാം ഇൻഫർമേഷൻ ബ്യൂറോ, വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്*
*5. ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് (2 പകർപ്പ്, വെബ്സെറ്റ്, പ്രസിദ്ധീകരണത്തിനും ഡയറക്ടർക്കും)*
*6. ഫാം ന്യൂസ്*
*7. പത്ര പരസ്യം - മീഡിയ ഡിവിഷൻ*
*8. കുട്ടനാട് റേഡിയോ*
*9. സ്റ്റോക്ക് ഫയൽ.*

## കർഷകഭാരതി അവാർഡിനായുള്ള നാമനിർദ്ദേശപത്രിക

വർഷം :

1. നാമനിർദ്ദേശകന്റെ പേരും വിലാസവും ഫോൺ നമ്പരും :

2. നാമനിർദ്ദേശകൻ ഏതെങ്കിലും സ്ഥാപനത്തിൽ ജോലിചെയ്യുന്നുണ്ടെങ്കിൽ അതിന്റെ വിവരം :

3. കാർഷികമേഖലയുടെ വികസനത്തിനായി പ്രസിദ്ധികരിച്ചിട്ടുള്ള പേപ്പറുകൾ സംപ്രഷണം ചയ്തിട്ടുള്ള വീഡിയോകാസറ്റുകൾ പ്രക്ഷേപണം ചെയ്തിട്ടുള്ള സ്ക്രിപ്റ്റുകൾ എന്നിവയുടെ എണ്ണം :

4. പ്രസിദ്ധികരിച്ചിട്ടുള്ള ലേഖനങ്ങൾ പ്രക്ഷേപണം ചെയ്തിട്ടുള്ള സ്ക്രിപ്റ്റ് സംപ്രേഷണം ചെയ്തിട്ടുള്ളവയുടെ വീഡിയോ കാസറ്റുകൾ എന്നിവയുടെ വിശദാംശങ്ങൾ :

സ്ഥലം

തീയതി

ഒപ്പ്

കുറിപ്പ് :

അകാശവാണി/ദൂരദർശൻ എന്നിലയിൽക്കൂടി പ്രക്ഷപണം/സംപ്രഷണം ചെയ്ത സ്ക്രിപ്റ്റിൽ അതാത് സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെക്കൊണ്ട് സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്.

അപേക്ഷ അയക്കേണ്ട മേൽവിലാസം : പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫിസർ
ഫാം ഇൻഫർമേഷൻ ഓഫീസ്
കവടിയാർ, തിരുവനന്തപുരം-3